(ജി) ലോക്കൽ പർച്ചേസിലൂടെ പയ്സസ് ആൻറ് സ്പൈസസ് വാങ്ങുന്നതിനുള്ള ഓർഡർ നൽകുന്നത് എട്ടുപേരടങ്ങിയ ഡിപ്പോ മാനേജ്മെൻറ് കമ്മിറ്റിയാണ്. ഡിപ്പോയിലെ അസിസ്റ്റൻറ് മാനേജർ, ജൂനിയർ മാനേജർ (മാർക്കറ്റിംഗ്) മാനേജർ (കാഷ്യർ കൺട്രോൾ) അഞ്ച് ഔട്ട്ലെറ്റ് ഷോപ്പ് മാനേജർമാർ എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് പർച്ചേസ് ചെയ്യുന്നതിനുള്ള നിർദ്ദേശം എടുക്കുന്നത്. ഓരോ സപ്ലയേഴ്സിനും ഓർഡർ നൽകിയതിൻെറ കാണ്ടിറ്റി എത്ര വീതമെന്നും ഏതൊക്കെ ഇനങ്ങളെന്നുമുള്ള വിവരം ശേഖരിച്ചു വരുന്നു.

പയ്സസ് ആൻറ് സ്പൈസസ് ടെണ്ടറുകളിൽ ഗുണനിലവാരത്തിലുള്ള ഇളവുകൾ

65 [2054] ശ്രീ. കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസ് വഴി നടത്തുന്ന പയ്സസ് ആൻറ് സ്പൈസസ് ടെണ്ടറുകളിൽ ഗുണനിലവാരത്തിൽ എന്തെല്ലാം ഇളവുകളാണ് വരുത്തിയിരിക്കുന്നത്;

(ബി) ചില സപ്ലയർമാരുടെ മാത്രം ഗുണനിലവാരമില്ലാത്ത സാധനങ്ങൾ സ്വീകരിക്കുകയും ചില സപ്ലയർമാരുടെ ഗുണനിലവാരമുള്ള സാധനങ്ങൾ നിരസിക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി 2005 ജനുവരിയിൽ വിതരണം ചെയ്ത ചെറുപയർ, ടെണ്ടർ നിബന്ധന പ്രകാരമുള്ള നല്ലയിനം 4 എം. എം. വലുപ്പത്തിലുള്ളതിന് പകരം 2 എം. എം., 3 എം. എം. വലുപ്പത്തിലുള്ളതും ഗുണനിലവാരമില്ലാത്തതും വിലകുറഞ്ഞതുമായിരുന്നു എന്ന പരാതികളെപ്പറ്റി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന പയ്സസ് ആൻറ് സ്പൈസസ് ടെണ്ടറുകളിൽ ഗുണനിലവാരത്തിൽ ഇളവുകൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല.

(ബി) 2001 ഒക്ടോബർ മുതൽ 2004 സെപ്തംബർ വരെയുള്ള വർഷങ്ങളിൽ ഇതിനെപ്പറ്റി പരാതികൾ നിലവിലുണ്ട്. അതെപ്പറ്റി അന്വേഷണം നടന്നുവരുന്നു.

(സി) ഇന്ത്യയിലെ ഭക്ഷ്യ നിയമങ്ങളിലും ചട്ടങ്ങളിലും (പ്രധാനമായും പി. എഫ്. എ. നിയമം, ബി. ഐ. എസ്. വ്യവസ്ഥകൾ എന്നിവയിൽ) ചെറുപയറിൻെറ വലിപ്പം ഗുണനിലവാര മാനദണ്ഡമായി പ്രതിപാദിച്ചിട്ടില്ല. ചെറുപയറിലെ വലുപ്പ വ്യത്യാസം ഗുണനിലവാരത്തിൻെറ മാനദണ്ഡമായി കോർപ്പറേഷനും വിലയിരുത്തിയിട്ടില്ല. ആയതിനാൽ ആരെങ്കിലും എന്തെങ്കിലും കുറ്റം ചെയ്തതായി വ്യക്തമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly